## പരാതി പരിഹാര അദാലത്ത്: പരാതികളിൽ 80 ശതമാനവും തീർപ്പാക്കി

കൊല്ലം: കൊല്ലം നഗരത്തിലെ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് പദ്ധതി നടപ്പിലാക്കി ഇന്ത്യയിലെ മാതൃക നഗരമാക്കി മാറ്റുമെന്ന് സംസ്ഥാന പൊലീസ് മേധാവി



ബഹു. ലോക്നാഥ് ബെഹ്റ ഐ.പി.എസ് ആശ്രാമം യൂനുസ് കൺവൻഷൻ സെന്ററിൽ നടന്ന പരാതി പരിഹാര അദാലത്തിൽ പരമാർശിച്ചു. സംസ്ഥാന പൊലീസ് മേധാവി നടത്തിയ പരാതി പരിഹാര അദാലത്തിൽ




162 പരാതികൾ പരിഗണിച്ചു.ബാക്കിയുള്ളവ തുടർനടപടികൾക്കായി പൊലീസ് ആസ്ഥാനത്തേക്കുമാറ്റി. അതിർത്തി തർക്കങ്ങൾ, സമൂഹ മാധ്യമങ്ങളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ, പണം തട്ടിപ്പ് തുടങ്ങിയ പരാതികളായിരുന്നു കുടുതലും. പരവൂർ സർക്കിൾ പരിധിയിലുള്ള പട്ടിക ജാതി വർഗ്ഗ വിഭാഗത്തിന്റെ പൊലീസ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ കുടുതൽ കാര്യക്ഷമമാക്കാൻ മാസത്തിലെ അവസാന വെള്ളിയാഴ്ച്ചകളിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടാനും തീരുമാനിച്ചു. ജില്ലയിൽ സ്ത്രീ സുരക്ഷയുടെ ഭാഗമായി വിവിധ പദ്ധതികൾ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുമെന്നു പരമാർശിച്ചു. സുരക്ഷയുടെ ഭാഗമായി റെസിഡെൻഷ്യൽ ഏരിയകളിൽ ഉൾപ്പടെയുള്ള ക്യാമറകൾ കൺട്രോൾ റൂമുമായി ബന്ധിപ്പിക്കും.

അദാലത്തിൽ സിറ്റി പൊലീസ് കമ്മീഷണർ പി.കെ മധു ഐ.പി.എസ്, അസി. കമ്മീഷണർമാർ, മറ്റു.പൊലീസ് ഉദ്യോഗസ്ഥർമാർ,നിർഭയ പ്രവർത്തകർ, എസ്.പി.സി കേഡറ്റുകൾ തുടങ്ങിയവർ പങ്കെടുത്തു.










KARUNAGAPPALLY
CHAVARA























